പത്രക്കുറിപ്പ്
**14.09.2018**

## കേരളത്തിന്റെ പുനരുദ്ധാരണം: 'നവകേരളം' സംസ്ഥാന ഭാഗ്യക്കുറികൾ വിൽക്കാൻ കുടുംബശ്രീ വനിതകളും

തിരുവനന്തപുരം: പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കും കേരളത്തിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കുമായി അധിക തുക സമാഹരിക്കുക എന്ന ലക്ഷ്യത്തോടെ കേരള സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് ആരംഭിച്ച 'നവകേരള ഭാഗ്യക്കുറി' വിറ്റഴിക്കാൻ കുടുംബശ്രീ വനിതകളും രംഗത്ത്. കുടുംബശ്രീ സി.ഡി.എസുകൾക്ക് കാഷ്വൽ ഏജൻസി എടുത്ത് ടിക്കറ്റുകൾ വിറ്റഴിക്കുന്നതിന് സർക്കാർ അവസരം നൽകിയതിനെ തുടർന്നാണിത്. ഇതുപ്രകാരം എല്ലാ സി.ഡി.എസുകളും കാഷ്വൽ ഏജൻസി എടുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു. ഇതിന്റെ മുന്നോടിയായി ഭാഗ്യക്കുറി വകുപ്പിന്റെ നേതൃത്വത്തിൽ ഓരോ ജില്ലയിലും നിന്നുള്ള കുടുംബശ്രീ പരിശീലന ഗ്രൂപ്പുകളിലെ ഒരാളെ വീതം ഉൾപ്പെടുത്തി പരിശീലനവും നൽകി.

ഒക്ടോബർ മൂന്നിനാണ് ലോട്ടറിയുടെ നറുക്കെടുപ്പ്. ഒന്നാം സമ്മാനം ഒരു ലക്ഷം രൂപ വീതം തൊണ്ണൂറ് പേർക്ക് ലഭിക്കും. കൂടാതെ രണ്ടാം സമ്മാനമായി അയ്യായിരം രൂപ വീതം ഒരുലക്ഷത്തി എണ്ണൂറ് പേർക്കും ലഭിക്കും. ആകെ 90 ലക്ഷം ടിക്കറ്റുകൾ വിൽക്കുന്നതിനാണ് ഭാഗ്യക്കുറി വകുപ്പ് ലക്ഷ്യമിടുന്നത്.

കുടുംബശ്രീ സി.ഡി.എസിന്റെ പേരിലാണ് കാഷ്വൽ ഏജൻസി എടുക്കുക. ഇതുപ്രകാരം സംഘടനാ സംവിധാനത്തിലെ 1064 സി.ഡി.എസുകളും കാഷ്വൽ ഏജൻസി എടുക്കുന്നതിന് സന്നദ്ധരായിട്ടുണ്ട്. നവകേരളം ലോട്ടറിയുടെ വിൽപന സംബന്ധിച്ച് ഇവർക്കുള്ള ജില്ലാതല ഏകദിന പരിശീലനവും പൂർത്തിയാക്കി. സി.ഡി.എസുകൾക്ക് ജില്ലാ ഭാഗ്യക്കുറി ഓഫീസുകളിൽ നിന്നോ സബ് ഓഫീസുകളിൽ നിന്നോ സൗജന്യ കാഷ്വൽ ഏജൻസി എടുക്കാനാവും. ഇതിനായി അപേക്ഷയോടൊപ്പം തിരിച്ചറിയൽ കാർഡിന്റെ കോപ്പി കൂടി നൽകണം. കാഷ്വൽ ഏജൻസി ലഭിക്കുന്നവർക്ക് ഏജൻസി നമ്പർ ഉൾപ്പെടുന്ന ഒരു കാർഡും നൽകും. ഇങ്ങനെ ഏജൻസി എടുക്കുന്ന സി.ഡി.എസുകൾ പത്ത് ടിക്കറ്റുകളുള്ള ഒരു ബുക്കെങ്കിലും വാങ്ങിയിരിക്കണമെന്ന് നിബന്ധനയുണ്ട്. ടിക്കറ്റ് ഒന്നിന് 250/- രൂപയാണ് വില. ഒരു ബുക്ക് വാങ്ങുമ്പോൾ 1943/- രൂപ നൽകിയാൽ മതിയാകും. നിലവിൽ ഓരോ സി.ഡി.എസിന്റെ കീഴിലും ലോട്ടറി വിതരണത്തിനായി തിരഞ്ഞെടുത്തിട്ടുള്ള അംഗങ്ങൾക്ക് സി.ഡി.എസിന്റെ കത്ത് സഹിതം ജില്ലാ ഓഫീസിൽ നിന്നും ആവശ്യമുള്ള തുക അടച്ച് ടിക്കറ്റുകൾ വാങ്ങി വിൽക്കാവുന്നതാണ്. താൽപര്യമുള്ള ഏതൊരു കുടുംബശ്രീ വനിതയ്ക്കും സി.ഡി.എസുകൾ മുഖേന നവകേരള ലോട്ടറി വാങ്ങി വിൽക്കാൻ കഴിയും. ആകർഷകമായ കമ്മീഷനുമുണ്ട്.

സി.ഡി.എസുകളെ കൂടാതെ കുടുംബശ്രീയുടെ പിന്തുണാ സംവിധാനങ്ങളായ കാസ്, മൈക്രോ എന്റർപ്രൈസസ് കൺസൾട്ടന്റുമാർ, വിവിധ പരിശീലന ഗ്രൂപ്പുകൾ എന്നിവർക്കും കാഷ്വൽ ഏജൻസി എടുക്കാൻ സാധിക്കും. ഇതിനായി അതത് ജില്ലാമിഷൻ കോ-ഓർഡിനേറ്റർ നൽകുന്ന കത്ത് സഹിതം ജില്ലാ ലോട്ടറി ഓഫീസിൽ നിന്നോ സബ് ഓഫീസിൽ നിന്നോ നേരിട്ട് ഏജൻസി എടുക്കാവുന്നതാണ്. സർക്കാരിന്റ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് പിന്തുണ നൽകുന്നതിന്റെ ഭാഗമായി കുടുംബശ്രീയുടെ നേതൃത്വത്തിൽ സംസ്ഥാനമൊട്ടാകെയുള്ള അയൽക്കൂട്ട വനിതകളിൽ നിന്നു സമാഹരിച്ച ഏഴു കോടി രൂപ കഴിഞ്ഞ മാസം 29ന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന നൽകിയിരുന്നു.

**എക്സിക്യൂട്ടീവ് ഡയറക്ടർ**
**കുടുംബശ്രീ**